LIBRARY ARCHIVES Kerala Legislative Assembly

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

233 (5318) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒരു റോഡുപോലും നൽകാത്ത എത്ര അസംബ്ലി മണ്ഡലങ്ങൾ ഉണ്ട് ; വിശദീകരണം നൽകുമോ ;

ഉത്തരം

ഒറ്റത്തവണ തീർപ്പാക്കൽ എന്ന ഒരു പദ്ധതി നിലവിലില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി വളരെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിയോടെ, നോൺപ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി നൽകാറുണ്ട്. മണ്ഡലാടിസ്ഥാനത്തിലല്ല ഈ റോഡുകൾ തെരഞ്ഞെടുക്കാറുള്ളത്.

വൈപ്പിൻ കഴുപ്പള്ളിപ്പാലം നിർമ്മാണത്തിന്റെ കാലതാമസം

234 (5319) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ, പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേയിലെ അപകടാവസ്ഥയിലായ കഴുപ്പള്ളിപ്പാലത്തിന്റെയും അനുബന്ധ പാലത്തിന്റെയും നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് അനുബന്ധ സ്ഥലമുടമകൾ സമ്മതം അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിൽ വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാലാണ് കാലതാമസം നേരിട്ടത്. ഇപ്പോൾ ഭൂമി വിട്ട് നൽകുന്നതിനുള്ള സമ്മതം സ്ഥലമുടമകൾ അറിയിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് തടസ്സങ്ങൾ ഒന്നും നിലവിലില്ല.